പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2753 — 12.03.2018-ൽ മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള സഹായത്തിനായി കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 'കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശനൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ വലതുകര സംരക്ഷണ ഭിത്തി നിർമ്മാണം ' എന്ന പ്രവർത്തിയുടെ പ്രൊപ്പോസലാണ് നിലവിൽ സർക്കാരിലേയ്ക്ക് ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. |
| (ബി) 2016-17,2017-18 വർഷങ്ങളിൽ ലഭിച്ച പ്രൊപ്പോസലുകളിന്മേൽ മലപ്പുറം കളക്ടർ എത്ര ഉത്തരവുകൾ നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) പ്രൊപ്പോസലുകളിന്മേൽ ഉത്തരവിറക്കുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമില്ല. പ്രൊപ്പോസലുകൾ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ഉന്നതതല സമിതി മുമ്പാകെ സമർപ്പിച്ച് സർക്കാരിൽ നിന്നാണ് ഭരണാനുമതി സംബന്ധിച്ച ഉത്തരവിറങ്ങുന്നത്. |
| (സി) നിലവിൽ കളക്ടറേറ്റിൽ ഉള്ള പ്രൊപ്പോസലുകളിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടതിൽ സർക്കാരിന് സമർപ്പിച്ചത് ഏതെല്ലാം;<br><br>(ഡി) പ്രസ്തുത പ്രൊപ്പോസലുകളിൽ സർക്കാർ തിരികെ അയച്ചത് ഏതെല്ലാം; തിരിച്ച് അയച്ചതിൽ കളക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശനൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ വലതുകര സംരക്ഷണ ഭിത്തി നിർമ്മാണം ' എന്ന പ്രവർത്തിയുടെ പ്രൊപ്പോസലാണ് നിലവിൽ ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ 03.11.2017-ാം തീയതി ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം പരിഗണിക്കുകയും പ്രൊപ്പോസലിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും പുതുക്കിയ പ്രൊപ്പോസൽ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**